സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# ‘കാറ്റ്’ എന്ന പ്രകൃതി ഘടകത്തിന്റെ വ്യക്തിവൽക്കരണവും പാരിസ്ഥിക ആത്മീയത (Eco-spirituality)യിലൂന്നിയ കാവ്യദർശനവും

## സിസ്റ്റർ മേരി ബനീഞ്ഞയുടെ ‘സ്വാഗതം കുഞ്ഞിക്കാറ്റേ’ എന്ന കവിതയെ അടിസ്ഥാനമാക്കി ഒരു പഠനം



**മുനീർ അഗ്രഗാമി മുനീർ ഒ.കെ.***

**സംഗ്രഹം**

സിസ്റ്റർ മേരി ബനീഞ്ഞയുടെ ‘സ്വാഗതം കുഞ്ഞിക്കാറ്റേ’ എന്ന അതിപ്രശസ്തമായ കവിതയെ ഹരിതനിരൂപണം (ecocriticism), പാരിസ്ഥികആത്മീയത (Eco-spirituality) എന്നീ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നതാണ് ഈ പഠനം. കവിതയിൽ ‘കാറ്റ്’ ഭൗതിക പ്രകൃതിയിലെ കേവലമൊരു ഘടകമായി മാത്രമല്ല പ്രവർത്തിക്കുന്നത്. മറിച്ച് മനുഷ്യനുമായി സംവദിക്കുന്ന സജീവ സാന്നിധ്യമായും ആത്മീയ സന്ദേശവാഹകനായും പ്രത്യക്ഷപ്പെടുകയാണ് ഈ കവിതയിൽ. വ്യക്തിവൽക്കരണ(personification)ശൈലിയിലൂടെ സിസ്റ്റർ മേരി ബനീഞ്ഞ കാറ്റിനെ അവതരിപ്പിക്കുമ്പോൾ പ്രകൃതി മനുഷ്യജീവിതത്തിന്റെ ഭാഗമാണെന്ന ആശയം ശക്തിപ്പെടുന്നു. കുഞ്ഞിക്കാറ്റിനെ മലകൾ, പൂക്കൾ, മധുപങ്ങൾ, ജലത്തുള്ളികൾ തുടങ്ങിയവയെ മനുഷ്യനുമായി ബന്ധിപ്പിക്കുന്ന ഘടകമായി ചിത്രീകരിക്കുന്നതിലൂടെ പരിസ്ഥിതിയിലെ പരസ്പരാശ്രിതത്വത്തിന് കവിത അടിവരയിടുന്നു. നോർവീജിയൻ തത്ത്വചിന്തകനായ Arne Naess (1912–2009) അവതരിപ്പിച്ച പരിസ്ഥിതിദർശനമായ ഡീപ്പ് ഇക്കോളജി(Deep Ecology)യുടെ ജൈവകേന്ദ്രീകൃത സമത്വം (‘biocentric equality’) എന്ന ആശയം മുൻ നിർത്തി പരിശോധിക്കുമ്പോൾ മനുഷ്യകേന്ദ്രത്വത്തെ കവിത നിരാകരിക്കുന്നത് കാണാം. കൂടാതെ പാരിസ്ഥിക ആത്മീയത(Eco-spirituality)യുടെ മുഖ്യ സവിശേഷതകളിലൊന്നായ, പ്രകൃതി മനസ്സിനെ ശാന്തമാക്കുന്ന ആത്മീയ ചികിത്സ എന്ന അനുഭവമായി പ്രസ്തുത കവിതയിൽ പ്രകൃതി മാറുന്നു. അതുകൊണ്ട് 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിത പ്രകൃതി സൗന്ദര്യത്തിന്റെ വിവരണം മാത്രമല്ലെന്നും മനുഷ്യനും ഭൂമിയും തമ്മിലുള്ള ആത്മബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന പാരിസ്ഥിക-ആത്മീയ കാവ്യമാണെന്നുമാണ് ഈ പഠനം ലക്ഷ്യമിടുന്നത്. സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതയിലൂടെ സാഹിത്യവും പരിസ്ഥിതിനൈതികതയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

**താക്കോൽ വാക്കുകൾ:** ഹരിതനിരൂപണം, പാരിസ്ഥിക ആത്മീയത, വ്യക്തിവൽക്കരണം, പ്രകൃതി-മനുഷ്യബന്ധം, ഡീപ്പ് ഇക്കോളജി (Deep Ecology), പരിസ്ഥിതി

* അസോസിയേറ്റ് പ്രൊഫസർ & മേധാവി, മലയാള വിഭാഗം, അമൽ കോളേജ്. നിലമ്പൂർ

 ISSN No: 3049-0316 

**ആമുഖം**

ആധുനിക മലയാള കവിതയിൽ പ്രകൃതി വായനക്കാരന് ആസ്വദിക്കാനുള്ള ദൃശ്യസൗന്ദര്യ വിഷയമായി മാത്രമല്ല പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. മനുഷ്യന്റെ ആത്മാവിനോടും ജീവിതബോധത്തോടും ചേർന്നിരിക്കുന്ന അനുഭവലോകമാണ് പ്രകൃതി നമുക്ക് തരുന്നത്. സിസ്റ്റർ മേരിബനീഞ്ഞയുടെ 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിതയിൽ പ്രകൃതി മനുഷ്യനോടൊപ്പം സംവദിക്കുന്ന സജീവ സാന്നിധ്യമായി പ്രത്യക്ഷപ്പെടുന്നതു കാണാം. ഈ കവിതയിൽ 'കാറ്റ്' ഒരു ഭൗതിക ഘടകം എന്നതിലുപരി സന്ദേശം കൊണ്ടുവരുന്ന അതിഥിയായും സുഹൃത്തായും ദൈവദൂതനായും പരിസ്ഥിതിയുടെ സാക്ഷിയായും പല രൂപങ്ങളിൽ അവതരിക്കപ്പെടുന്നുണ്ട്.

ഈ കവിതയുടെ ആരംഭത്തിൽ തന്നെ കാറ്റിനെ കവി സ്വാഗതം ചെയ്യുന്നതിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം വ്യക്തമാകുന്നു. 'വന്നിടാമകത്തേയ്ക്കു സംശയം വേണ്ട' എന്ന വരിയിൽ പ്രകൃതിയെ അന്യമായി കാണാത്ത, എന്നാൽ ആത്മീയ സഹയാത്രികനായി സ്വീകരിക്കുന്ന കവയിത്രിയുടെ മനോഭാവം പ്രകടമാണ്. ഇതിലൂടെ പ്രകൃതിയിലെ മനുഷ്യകേന്ദ്രത്വത്തെ ചോദ്യം ചെയ്യുന്ന പരിസ്ഥിതി ബോധം (eco-consciousness) കവിതയിൽ തെളിഞ്ഞു വരുന്നതു കാണാം.

ഈ പഠനം കവിതയിലെ 'വ്യക്തിവൽക്കരണ ശൈലി' (Personification)യും 'പരിസ്ഥിതിചിന്ത' (Eco-consciousness)യും വിശകലനം ചെയ്യുന്നു. കൂടാതെ, നോർവീജിയൻ തത്ത്വചിന്തകനായ ആർനെ നെസ് (Arne Naess) അവതരിപ്പിച്ച ഡീപ്പ് ഇക്കോളജി (Deep Ecology) എന്ന ആശയത്തിലെ ജൈവകേന്ദ്രീകൃത സമത്വം (biocentric equality) എന്ന തത്ത്വത്തിന്റെ വെളിച്ചത്തിൽ കവിതയെ വിലയിരുത്താനും ശ്രമിക്കുന്നു. മനുഷ്യനും മറ്റുജീവജാലങ്ങളും സമമൂല്യമുള്ളവരാണെന്ന നിലപാട് ഈ കവിതയിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നതും പ്രധാന പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട് .

പരിസ്ഥിതി ചിന്തയുടെ ചരിത്രത്തിൽ നോർവീജിയൻ തത്ത്വചിന്തകനായ ആർനെ നെസ് അവതരിപ്പിച്ച ഡീപ്പ് ഇക്കോളജി എന്ന ആശയം വളരെ പ്രധാനപ്പെട്ടതാണ്. പരിസ്ഥിതിയെ വെറും മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവമായി കാണുന്ന സമീപനത്തെ ഈ സിദ്ധാന്തം ചോദ്യം ചെയ്യുന്നു. മനുഷ്യൻ പ്രകൃതിയുടെ കേന്ദ്രമാണെന്ന (anthropocentrism) ധാരണയ്ക്ക് പകരം, എല്ലാ ജീവജാലങ്ങൾക്കും പ്രകൃതിയിലെ ഘടകങ്ങൾക്കും സ്വതന്ത്രമായ മൂല്യമുണ്ടെന്ന് ഡീപ്പ് ഇക്കോളജി വാദിക്കുന്നു.

ഈ സിദ്ധാന്തത്തിലെ പ്രധാന ആശയങ്ങളിലൊന്നാണ് ജൈവകേന്ദ്രീകൃത സമത്വം (Biocentric Equality). മനുഷ്യൻ, മൃഗങ്ങൾ, സസ്യങ്ങൾ, നദികൾ, കാടുകൾ തുടങ്ങി എല്ലാ ജീവരൂപങ്ങൾക്കും ഭൂമിയിൽ നിലനിൽക്കാനുള്ള തുല്യമായ അവകാശമുണ്ടെന്നതാണ് ഈ തത്ത്വത്തിന്റെ അടിസ്ഥാനം. മനുഷ്യൻ മറ്റുജീവജാലങ്ങളെക്കാൾ ഉയർന്നവനോ പ്രകൃതിയുടെ അധിപനോ അല്ല; മറിച്ച് ജീവജാലങ്ങളുടെ വലിയ ശൃംഖലയിലെ ഒരു ചെറിയ അംഗം മാത്രമാണ്.

സിസ്റ്റർ മേരി ബനീഞ്ഞയുടെ 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിതയെ ഈ ആശയത്തിന്റെ വെളിച്ചത്തിൽ വായിക്കുമ്പോൾ, കവിത മനുഷ്യകേന്ദ്ര ചിന്തയെ മറികടക്കുന്നതായി കാണാം. കവിതയിൽ കാറ്റിനെ 'അതിഥിയായും സുഹൃത്തായും സന്ദേശവാഹകനായും അവതരിപ്പിക്കുന്നു. പ്രകൃതിയെ മനുഷ്യന്റെ ഉപയോഗത്തിനുള്ള വസ്തുവായി കാണാതെ, സംവദിക്കാവുന്ന ജീവിച്ചിരിക്കുന്ന സാന്നിധ്യമായാണ് കവയിത്രി കാറ്റിനെ സമീപിക്കുന്നത്. 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന അഭിസംബോധന തന്നെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമത്വപരമായ ബന്ധത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട് 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിത പ്രകൃതി സൗന്ദര്യത്തിന്റെ ലാളിത്യവിവരണം മാത്രമല്ലെന്നും മനുഷ്യനും ഭൂമിയും തമ്മിലുള്ള ആത്മബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന പാരിസ്ഥിതിക-ആത്മീയ കാവ്യമാണെന്ന ബോധ്യത്തോടെയാണ് ഇവിടെ കവിതയെ സമീപിക്കുന്നത്.

**കാറ്റിന്റെ വ്യക്തിവൽക്കരണവും അതിഥിയുടെ വരവും**

കവിതയുടെ ആരംഭത്തിൽ തന്നെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം സ്ഥാപിക്കുന്ന കവിതയാണിത് .

'സ്വാഗതം കുഞ്ഞിക്കാറ്റേ, പൊന്നിളങ്കാറ്റേ, നിന്റെ
യാഗമം പ്രതീക്ഷിച്ചുതന്നെ ഞാനിരിക്കുന്നു.'

ഇവിടെ കവയിത്രി കാറ്റിനെ അതിഥിയായി അഭിസംബോധന ചെയ്യുന്നു. 'സ്വാഗതം', 'പ്രതീക്ഷിച്ച്' എന്നീ വാക്കുകൾ മനുഷ്യാതിഥിയെ സ്വീകരിക്കുന്ന സാഹചര്യമാണ് സംജാതമാക്കുന്നത്. അതായത് കാറ്റ് ഒരു പ്രകൃതിഘടകമല്ല മറിച്ച് അത് സമൂഹത്തിൽ പങ്കാളിയായ വ്യക്തിയായി മാറുകയാണ്.

തുടർന്ന് കവിതയിൽ കാറ്റ് സന്ദേശവാഹകനായി മാറുന്നതു കാണുക.

'വന്നിടാമകത്തേയ്ക്കു സംശയം വേണ്ട, നല്ല
സന്ദേശമെന്തൊക്കെയോ കൊണ്ടുവന്നിട്ടുണ്ടാവാം.'

ഇവിടെ പ്രകൃതി മനുഷ്യനോട് സംസാരിക്കുന്നു എന്ന ആശയം തെളിഞ്ഞു വരുന്നു. പാരിസ്ഥിതിക ശാസ്ത്രപരമായി വീക്ഷിക്കുമ്പോൾ പ്രകൃതിയിലെ മാറ്റങ്ങൾ മനുഷ്യജീവിതത്തിന് മുന്നറിയിപ്പുകൾ നൽകുന്നു എന്ന ആശയത്തിന്റെ കവിതാത്മക രൂപമാണിത് എന്ന് വ്യക്തമാകുന്നു.

### കാറ്റ് യാത്രികനും സാക്ഷിയും എന്ന നിലയിൽ

കവിതയിൽ കാറ്റിനെ  പല സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ള യാത്രികനായി ചിത്രീകരിക്കുകയാണ് അടുത്ത ഭാഗത്ത്.

"ചന്ദനക്കുന്നിൽനിന്നോ വന്നിടുന്നതു?
സുധാസ്യന്ദിയാണല്ലോ ഭവാൻ ചിന്തുന്ന പരിമളം"

കാറ്റ് മലകളിലൂടെയും  പൂന്തോട്ടങ്ങളിലൂടെയും  സഞ്ചരിച്ച് ഗന്ധം കൊണ്ടുവരുന്നു. ഇവിടെ പരിസ്ഥിതി ശൃംഖലയുടെ ഏകത്വം പ്രകടമാണ്. അതായത് ഒരു പ്രദേശത്തിന്റെ സൗന്ദര്യം മറ്റൊരു പ്രദേശത്തെ സ്പർശിക്കുന്നു എന്ന് സാരം.

ഇതിലൂടെ കവിത ഒരു പ്രധാന ഇക്കോ-ക്രിറ്റിക്കൽ ആശയം മുന്നോട്ടുവയ്ക്കുന്നുണ്ട്. പ്രകൃതിയിലെ ഘടകങ്ങൾ പരസ്പരം ബന്ധിതമാണ് എന്നും  ഒരു സ്ഥലത്തെ മാറ്റം മറ്റൊന്നിനെ ബാധിക്കുന്നു എന്നുമാണത്.

### ജീവജാലങ്ങളോടുള്ള ബന്ധവും പരിസ്ഥിതി സമഗ്രതയും

കവിതയിൽ പൂക്കൾ, തേനീച്ചകൾ, വെള്ളച്ചാട്ടങ്ങൾ എന്നിവയുമായി കാറ്റിന്റെ ബന്ധം വരച്ചുകാട്ടുന്നു.

"പറക്കും മധുപങ്ങൾക്കിരയേകുവാനായി
 തുറന്ന ഭണ്ഡാരങ്ങളവയിൽ കാണുന്നില്ലേ?"

"ഇരമ്പിപ്പാടിപ്പാടി പാറയിൽ തട്ടിത്തട്ടി
ഒഴുകും സ്രവന്തികളങ്ങയെക്കണ്ടനേരം"

ഇവിടെ കാറ്റ് ഒരു പരിസ്ഥിതി ബന്ധഘടകമായി   വർത്തിക്കുന്നു. അത് പൂക്കളെയും ജീവജാലങ്ങളെയും ബന്ധിപ്പിക്കുന്ന വസ്തുത കാവ്യാത്മകമായി അവതരിപ്പിക്കുന്നു. ഈ ദൃശ്യചിത്രീകരണം പ്രധാനമായൊരു പരിസ്ഥിതി സത്യം വ്യക്തമാക്കുന്നുണ്ട്. പരാഗണം (pollination), ജലചക്രം, ജീവജാലങ്ങളുടെ  പരസ്പര ആശ്രയം എന്നിവയാണവ. അതുകൊണ്ട്  കവിത ശാസ്ത്രീയ പരിസ്ഥിതി ചിന്തയെ സങ്കേതാത്മകമായി അവതരിപ്പിക്കുന്നു എന്ന് പറയാം.

### സൗന്ദര്യബോധവും പരിസ്ഥിതി നൈതികതയും

''സ്വാഗതം കുഞ്ഞിക്കാറ്റേ'' എന്ന കവിത പ്രകൃതിസൗന്ദര്യത്തെ  മാത്രം വിവരിക്കാതെ, അത് സംരക്ഷിക്കപ്പെടേണ്ട മൂല്യമായി അവതരിപ്പിക്കുകയാണ്  എന്നതാണ് മറ്റൊരു വസ്തുത.

"വല്ലികൾ മനോഹര നൃത്തങ്ങളാടിയില്ലേ?..."

ഇവിടെ പ്രകൃതി കലാരൂപവും  കലാകാരനുമായി  കാണപ്പെടുന്നു. അപ്പോൾ  മനുഷ്യൻ പ്രകൃതിയുടെ പ്രേക്ഷകൻ മാത്രമായി മാറുന്നു. അല്ലാതെ പ്രകൃതിയുടെ  അധികാരിയായല്ല കവയിത്രി മനുഷ്യനെ (ആസ്വാദകനെ) അവതരിപ്പിക്കുന്നത്. ഇത് ആധുനിക ഇക്കോ-ഫിലോസഫിയുടെ പ്രധാന സിദ്ധാന്തമായ non-anthropocentric view നോട് ചേർന്ന് നിൽക്കുന്ന കാര്യമാണ്.

## മനുഷ്യൻ പ്രകൃതിയുടെ കേന്ദ്രമല്ല, ഭാഗമാണ് എന്ന ദർശനം

മനുഷ്യന്റെ അന്തർലോകവും പരിസ്ഥിതിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കവിതയുടെ അവസാന ഭാഗത്ത് കാറ്റ് മനുഷ്യന്റെ അന്തർലോകത്തെ ശുദ്ധീകരിക്കുന്ന ഒന്നായി മാറുന്നു.

'...ശേഷിപോലന്തരംഗം കുളുർപ്പിച്ചിരിക്കണം'

ഈ വരിയിൽ പ്രകൃതി മനസ്സിനെ ശാന്തമാക്കുന്ന/കുളിരേകുന്ന ചികിത്സാ ശക്തിയായി മാറുന്നതു കാണാം. അതായത് പരിസ്ഥിതി സംരക്ഷണം പുറംലോകത്തിനുവേണ്ടി മാത്രമുള്ളതല്ലെന്നും മറിച്ച് മനുഷ്യന്റെ മാനസികാരോഗ്യത്തിനും ആത്മീയജീവിതത്തിനും അനിവാര്യമാണെന്നും ഇന്ന് ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. ആ തിരിച്ചറിവ് ഇവിടെ ദർശിക്കാം.

"സ്വാഗതം കുഞ്ഞിക്കാറ്റേ" എന്ന കവിതയുടെ ഇക്കോ-ക്രിറ്റിക്കൽ വായന കണ്ടെടുക്കുന്ന മുഖ്യ ആശയങ്ങളും പ്രധാന പരിസ്ഥിതി ചിന്തകളും ഇങ്ങനെ ക്രോഡീകരിക്കാം

### 1. പ്രകൃതി എന്ന ജീവനുള്ള സാന്നിധ്യം

കവിതയിൽ കാറ്റിനെ ജീവനുള്ള അതിഥിയായും സുഹൃത്തായും അവതരിപ്പിക്കുന്നു. അതിലൂടെ പ്രകൃതി വെറും ജഡവസ്തുവല്ല, മനുഷ്യനോട് സംവദിക്കുന്ന സജീവ സാന്നിധ്യമാണെന്ന് കവയിത്രി സൂചിപ്പിക്കുന്നു.

### 2. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹവർത്തിത്വം

കവിത തുടങ്ങുമ്പോൾ തന്നെ കാറ്റിനെ സ്വാഗതം ചെയ്യുന്നതിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം പ്രകടമാകുന്നു. പ്രകൃതിയെ കീഴടക്കേണ്ട വസ്തുവായല്ല, സഹജീവിയായാണ് കവയിത്രി കാണുന്നത്.

### 3. പരിസ്ഥിതി ശൃംഖലയുടെ പരസ്പരാശ്രയം

മനുഷ്യൻ, തേനീച്ചകൾ, വെള്ളച്ചാട്ടം, കാറ്റ് എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതായി കവിതയിൽ ചിത്രീകരിക്കുന്നു. ജീവജാലങ്ങളും പ്രകൃതിഘടകങ്ങളും പരസ്പരം ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്ന പരിസ്ഥിതി സത്യം ഇതിലൂടെ വ്യക്തമാകുന്നു.

### 4. പ്രകൃതിയുടെ ആത്മീയ മൂല്യം

കാറ്റ് മനുഷ്യന്റെ മനസ്സിനെ കുളിർപ്പിക്കുകയും ശാന്തമാക്കുകയും ചെയ്യുന്നു. അതിനാൽ പ്രകൃതി ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്ന ഒന്നുമാത്രമല്ല, മനുഷ്യന്റെ ആത്മീയവും മാനസികവുമായ ക്ഷേമത്തിനും സന്തോഷത്തിനും അനിവാര്യമായ ശക്തിയാണെന്ന് കവിത വ്യക്തമാക്കുന്നു.

### 5. മനുഷ്യകേന്ദ്രചിന്തയുടെ നിരാകരണം

പ്രകൃതിയെ മനുഷ്യന്റെ ഉപയോഗത്തിനായുള്ള വസ്തുവായി കാണുന്ന സമീപനത്തെ കവിത നിരാകരിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ അധിപനല്ല, മറിച്ച് അതിന്റെ ഭാഗമാണെന്നും എല്ലാ ജീവജാലങ്ങൾക്കും തുല്യമായ മൂല്യമുണ്ടെന്നും കവയിത്രി സൂചിപ്പിക്കുന്നു.

'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിത പ്രകൃതിയെ സ്നേഹത്തോടെയും ആദരവോടെയും സമീപിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്ന ഒരു ഇക്കോ-ആത്മീയ കവിതയാണെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹജീവനത്തിന്റെ സന്ദേശമാണ് ഈ കവിതയുടെ കേന്ദ്രാശയം.

## ഗ്രന്ഥസൂചി

1. Macy, J., & Brown, M. Y. (2014). Coming back to life: The updated guide to the work that reconnects. New Society Publishers.
2. Naess, Arne. (1989). Ecology, community and lifestyle: Outline of an ecosophy. Cambridge University Press.
3. ഡോ ജയ്സി മോൾ അഗസ്റ്റിൻ. (2017) സിസ്റ്റർ മേരി ബനീഞ്ഞ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്